# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 11, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി**

**റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി**

**<u>പാർപ്പിട പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് പട്ടയം</u>**

*541 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പാർപ്പിട പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) കേരള ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയ രാജീവ് ഗാന്ധി ദശലക്ഷം പാർപ്പിട പദ്ധതിയിലെ താമസക്കാർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ;

(സി) സുനാമി ദുരന്തത്തിൽ വീടും ജീവനോപാധികളും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി നിർമ്മിച്ച വീടുകൾ ഉൾപ്പെടുന്ന റസിഡൻഷ്യൽ പ്ലോട്ടുകളുടെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ;

(ഡി) കോട്ടയം ജില്ലയിലെ പമ്പാവാലി, എയ്ഞ്ചൽവാലി നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

**<u>വിനോദസഞ്ചാര വികസന പദ്ധതികൾ</u>**

*542 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**

**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ വിനോദസഞ്ചാര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അതിനായി കേന്ദ്രം എന്തെങ്കിലും നിബന്ധന വച്ചിരുന്നുവോയെന്ന് അറിയിക്കുമോ;

(സി) വിനോദസഞ്ചാര വികസനത്തിന് വേണ്ടി നിക്ഷേപം നടത്തേണ്ട സ്ഥലങ്ങളുടെ മുൻഗണന തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ മലബാർ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ; വിശദമാക്കുമോ?

## വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനത്തിന് പദ്ധതി

*543 **ശ്രീ. ആന്റണി ജോൺ**
**ശ്രീ വി ജോയി**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന കോഴ്സുകളിൽ തന്നെ പ്രത്യേകമായ തൊഴിൽ പരിശീലനം നൽകുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി വിദഗ്ധരുടെ സേവനം ലഭ്യമാക്കുമോ; വിശദാംശം നൽകാമോ;

(ബി) വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകമായ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിലൂടെ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ഓഫീസ് സേവനങ്ങൾ വേഗത്തിലും സുതാര്യവുമാക്കാൻ നടപടി

*544 **ശ്രീ. എം. എം. മണി**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് കീഴിൽ വരുന്ന മുഴുവൻ ഓഫീസ് സംവിധാനങ്ങളുടെയും ആധുനികീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ വേഗത്തിലും

സുതാര്യവുമായി ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>സ്മാർട്ട് റോഡ് പദ്ധതി</u>**

*545 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഏതെല്ലാം റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; വിശദാംശം അറിയിക്കുമോ;

(ബി) ഇത്തരം റോഡുകളുടെ പ്രവൃത്തികൾ ആധുനികവും ശാസ്ത്രീയവുമാക്കാൻ എന്തെല്ലാം സാങ്കേതികവിദ്യകൾ ഉപയോഗിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**<u>സംസ്ഥാനപാതകൾ നാലുവരി പാതയാക്കാൻ കർമ്മപദ്ധതി</u>**

*546 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സംസ്ഥാനപാതകളിൽ ഉൾപ്പെടുന്ന റോഡുകളുടെ വിശദാംശം നൽകാമോ; അവയിൽ രണ്ടുവരി, നാലുവരി, ആറുവരി ഗണങ്ങളിൽപ്പെടുന്ന റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) എല്ലാ സംസ്ഥാനപാതകളുടെയും വളവുകൾ നിവർത്തി നാലുവരി പാതയാക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കാമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനപാതകളെ മാതൃകാ റോഡുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസ്</u>**

*547 **ശ്രീ. എം.വിജിൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിന്റെ ഭാഗമായി നടന്ന പ്രഥമ കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോൺഗ്രസിൽ വിദ്യാഭ്യാസ മേഖലയ്ക്ക് ഭാവിയിൽ ഗുണകരമാകുന്ന തരത്തിൽ എന്തെല്ലാം പരിപാടികളാണ് നടന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പരിപാടി വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് തുടർച്ചയായി നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

## <u>ആക്കുളം കായലിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതി</u>

*548 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായലിന്റെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുടങ്ങി എന്നത് വസ്തുതയാണോ; പദ്ധതി പുനരാരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## <u>കാര്യക്ഷമവും ശാസ്ത്രീയവുമായ ശിശു വിദ്യാഭ്യാസം</u>

*549 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ എം മുകേഷ്**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീപ്രൈമറി സ്കൂളുകളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കുട്ടികളുടെ ശാരീരിക മാനസിക വികാസത്തിന് ഉപയുക്തമാകും വിധം എന്തെല്ലാം ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; വിശദാംശം നൽകാമോ;

(സി) ഓരോ കുട്ടിയുടേയും സാമൂഹികവും വൈകാരികവും സമഗ്രവുമായ ക്ഷേമത്തിന് അടിത്തറ പാകുന്നതിൽ പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദമാക്കാമോ?

## <u>ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിൽ പാലിക്കേണ്ട മാനദണ്ഡം</u>

*550 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി ഗ്ലാസ് ബ്രിഡ്ജുകൾ നിർമ്മിക്കുമ്പോൾ വിനോദസഞ്ചാര വകുപ്പ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വാഗമണ്ണിലും വയനാട്ടിലും നിർമ്മിച്ച ഗ്ലാസ് ബ്രിഡ്ജുകളിൽ പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## റോഡ് പുറമ്പോക്കുകളുടെ കൈയ്യേറ്റം

*551 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി റോഡ് പുറമ്പോക്കുകൾ കയ്യേറുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സുഗമമായ ഗതാഗതത്തിനും റോഡ് വികസനത്തിനും ഇത്തരം കയ്യേറ്റങ്ങൾ പ്രതിസന്ധി സൃഷ്ടിക്കാറുണ്ടോ; കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## ദേശീയപാത വികസന പ്രവർത്തനങ്ങൾ

*552 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി നടക്കുന്ന നിർമ്മാണ പ്രവൃത്തികൾ റോഡുകളിൽ അപകടം സൃഷ്ടിക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) മഴക്കാലത്ത് ഇത്തരം അപകടങ്ങൾക്ക് സാധ്യത കൂടുതലുള്ള സാഹചര്യത്തിൽ ഇത് തടയാനായി സ്വീകരിച്ച മുന്നൊരുക്കങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ പാത നിർമ്മാണത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ ഗതാഗതം ഒഴിവാക്കി ബദൽ സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ?

## ഭൂമി തരം മാറ്റൽ നടപടിയുടെ ദുരുപയോഗം

*553 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റാനുള്ള അവസരം വ്യാപകമായി ദുരുപയോഗം ചെയ്ത് പാടങ്ങൾ നികത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം നികത്തിയ വയലുകൾ പഴയപടി ആക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പഴയപടി ആക്കേണ്ട നെൽവയൽ, തണ്ണീർ തടങ്ങൾ എന്നിവയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## ഫ്ലാറ്റുകൾ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ നികുതി

*554 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ലാറ്റുകൾ സ്ഥിതി ചെയ്യുന്ന ഭൂമിയിലെ വിഭജിക്കപ്പെടാത്ത അവകാശത്തിന് ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ ഭൂനികുതി നിരക്കുകൾ ഏർപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വികസനങ്ങളുടെ അടിസ്ഥാനത്തിൽ ഭൂമി വിലയിൽ ഉണ്ടായ വർദ്ധനവ് ഫെയർ വാല്യൂ നിർണ്ണയത്തിന് പരിഗണിക്കുന്നുണ്ടോ; മറ്റെന്തെല്ലാം മാനദണ്ഡങ്ങളാണ് ഇതിനായി കണക്കാക്കുന്നത്; വിശദാംശം നൽകാമോ;

(സി) ഭൂനികുതി അടയ്ക്കുന്നതിന് പ്രത്യേകമായ ആപ്ലിക്കേഷൻ സജ്ജമാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി നവീകരിച്ച ഇ-പേയ്മെന്റ് പോർട്ടൽ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## തിരുവനന്തപുരം സ്മാർട്ട് റോഡ് നിർമ്മാണക്കരാർ

*555 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്മാർട്ട് റോഡ് നിർമ്മാണത്തിനുള്ള കരാർ ആദ്യം നൽകിയ സ്ഥാപനം കരാർ പ്രവൃത്തികളിൽ വീഴ്ച വരുത്തിയത് കാരണം കരാർ മറ്റ് സ്ഥാപനങ്ങൾക്ക് മാറ്റി നൽകിയിട്ടുണ്ടോ;

(ബി) ഓരോ റോഡിന്റെയും കരാർ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് പിന്നീട് നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ റോഡ് പ്രവൃത്തിയും പൂർത്തീകരിക്കേണ്ട അവസാന തീയതി എന്നാണെന്ന് വിശദമാക്കുമോ?

## രൂപകൽപ്പനാ നയം

*556 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താദ്യമായി രൂപകൽപ്പനാ നയം തയ്യാറാക്കിയ സംസ്ഥാനമായി മാറുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത നയം നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ മരാമത്ത് നിർമ്മാണ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങളെ എങ്ങനെ വിലയിരുത്തുന്നുവെന്ന് വിശദമാക്കുമോ?

## ടൂറിസം മേഖലയിൽ പ്രാദേശിക സാമ്പത്തിക ഉത്പാദന പ്രവർത്തനങ്ങൾ

*557 **ശ്രീ എം നൗഷാദ്**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ പ്രാദേശിക സാമ്പത്തിക ഉത്പാദന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആസൂത്രണത്തെക്കുറിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; ഈ മേഖലയിൽ ഉൾപ്പെടുത്തുന്നതിനായി തിരഞ്ഞെടുത്തിരിക്കുന്നത് ഏതൊക്കെ പ്രദേശങ്ങളെയാണ്; നിലവിൽ ഏതൊക്കെ പ്രദേശങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തി വിജയിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ചിട്ടുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ വരുമാന ലഭ്യതയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും പ്രായോഗിക പരിപാടികൾ നടപ്പിൽ വരുത്തുകയും ചെയ്യുന്നത്; വിശദമാക്കുമോ?

## മലയോര ആദിവാസി മേഖലകളിലുള്ളവർക്ക് പട്ടയം

*558 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ആദിവാസി മേഖലകളിൽ ദീർഘനാളായി കൈവശം വച്ച് കൃഷി ചെയ്തുവരുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് കാർഷിക വായ്പാ ഉൾപ്പെടെയുള്ളവ ലഭിക്കുന്നതിനായി പട്ടയം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

**<u>ആരോഗ്യാധിഷ്ഠിത വിനോദസസഞ്ചാരം</u>**

*559 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗപ്രതിരോധത്തിന് ഊന്നൽ കൊടുക്കുന്നതും ആരോഗ്യചാലകവുമായ ചികിത്സ മുതൽ പുനരധിവാസവും രോഗശാന്തിയും വരെയുള്ള മേഖലകളെ സ്പർശിക്കുന്ന ആരോഗ്യാധിഷ്ഠിത വിനോദസസഞ്ചാരം വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആരോഗ്യ ടൂറിസം മേഖലയിലുള്ള സവിശേഷമായ സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ കേരളത്തെ ആരോഗ്യ ടൂറിസം ഹബ്ബാക്കി മാറ്റുവാൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

**<u>ഇക്കോ ടൂറിസം വ്യാപിപ്പിക്കാൻ നടപടി</u>**

*560 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യൂ ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോടൂറിസം വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കോടൂറിസം മേഖലയിൽ ആവശ്യത്തിന് സുരക്ഷാ ജീവനക്കാരെ നിയമിക്കുന്നതിനും പ്രദേശം വൃത്തിയോടെ കാത്ത് പരിപാലിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ</u>**

*561 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർ വിദ്യാഭ്യാസ പരിപാടികൾ ആരംഭിക്കുന്നതിനായി രൂപീകരിച്ച സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) തുടർവിദ്യാഭ്യാസത്തിലൂടെ സാക്ഷരത വികസിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പരിസ്ഥിതി സംരക്ഷിക്കാനും മാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണത്തിനുമായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിന്മേലുള്ള ചർച്ച

*562 **ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുവാൻ വിദ്യാർത്ഥി സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ചർച്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ചർച്ചയിൽ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നവെന്ന് വ്യക്തമാക്കുമോ?

## ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണത്തിനായി പരിശീലനം

*563 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ എഡ്യൂക്കേഷൻ ടെക്നോളജി ലാബുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണത്തിനായി അധ്യാപകർക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹൈസ്കൂളുകളിലെയും എൽ.പി., യു.പി. സ്കൂളുകളിലെയും പ്രഥമാധ്യാപകർക്കും പ്രത്യേകമായ എൻഹാൻസ്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ മേഖലയിൽ സാങ്കേതികവിദ്യാ മുന്നേറ്റത്തിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ?

## വിനോദസഞ്ചാരമേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

*564 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. എ. രാജ**

**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി ഏതൊക്കെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ചതും ഇനി ലഭിക്കാനുള്ളതും ഏതൊക്കെയാണെന്ന് അറിയിക്കുമോ?

## അതിഥി തൊഴിലാളികളുടെ വിവരശേഖരണം

*565 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് തൊഴിലിനും ഭിക്ഷാടനത്തിനുമായി എത്തുന്നവരിൽ ധാരാളം കുറ്റവാളികളും ഉൾപ്പെടുന്നത് കേരളീയ ജീവിതത്തിന്റെ ഒഴുക്കും ശാന്തതയും നഷ്ടപ്പെടുത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ജോലിയ്ക്കായി എത്തുന്ന അതിഥി തൊഴിലാളികളെ നിരീക്ഷിക്കുന്നതിനും അവരുടെ പൂർണ്ണ വിവരശേഖരണം നടത്തി സൂക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങളിലെ അപര്യാപ്തതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനായി രൂപീകരിച്ച മൈഗ്രന്റ് ലേബർ രജിസ്റ്ററിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ ഇതര സംസ്ഥാനത്ത് നിന്നും എത്തുന്ന വ്യക്തികളുടെ ക്രിമിനൽ പശ്ചാത്തലം ശേഖരിക്കുന്നതിനും അതിന് ആവശ്യമായ മുന്നൊരുക്കം നടത്തുന്നതിനും എന്തെല്ലാം കർമപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? ?

## പാഠപുസ്തകങ്ങളിലെ മാറ്റം വരുത്തൽ

*566 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യവും ബഹുസ്വരതയും മുഗൾ ചരിത്രവും പാഠപുസ്തകങ്ങളിൽ നിന്നും ഒഴിവാക്കിയ എൻ.സി.ഇ.ആർ.ടി.യുടെ നടപടിയോട് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലാണ് ഇത്തരത്തിൽ മാറ്റം വരുത്താൻ എൻ.സി.ഇ.ആർ.ടി. തയ്യാറായതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

**നഗര ടൂറിസത്തിന്റെ സാധ്യതകൾ**

*567 **ശ്രീ. എച്ച്. സലാം**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര വീഥികൾ ടൂറിസം കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിൽ ഇത്തരത്തിൽ വികസിപ്പിച്ചിട്ടുള്ള കേന്ദ്രങ്ങൾ ഏതൊക്കെയാണ്; വിശദവിവരം ലഭ്യമാക്കുമോ;

(സി) നഗരങ്ങളിൽ നൈറ്റ് ലൈഫ് ടൂറിസം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിലെ പുരോഗതി വിശദമാക്കുമോ; ഇത്തരത്തിൽ ഏതൊക്കെ കേന്ദ്രങ്ങളാണ് വികസിപ്പിച്ചിരിക്കുന്നതെന്നും പുതിയ ഏതൊക്കെ കേന്ദ്രങ്ങളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(ഡി) തലസ്ഥാന നഗരത്തെ സമാധാന നഗരമാക്കുന്നതിനും ഹെൽത്ത് ടൂറിസം പ്രചരിപ്പിക്കുന്നതിനും പദ്ധതികളുണ്ടോ?

**മലയോര ഹൈവേയുടെ നിർമ്മാണം**

*568 **ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മലയോര ഹൈവേയിൽ ആവശ്യമായ സുരക്ഷാ മുൻകരുതലുകളും വിശ്രമസങ്കേതങ്ങളും ഒരുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

**പഠനബോധന പ്രവർത്തനങ്ങൾ മലയാളത്തിലാക്കാൻ നടപടി**

*569 **ശ്രീ വി ശശി**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.കൾ ഉൾപ്പടെയുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ സാങ്കേതികവിദ്യയുടെ ബോധന മാധ്യമത്തിൽ കാലികമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പഠന ബോധന പ്രക്രിയകൾക്ക് മലയാളം ഉൾപ്പെടെയുള്ള പ്രാദേശിക ഭാഷകൾ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പഠിതാക്കളുടെ നൈപുണ്യ ശേഷി മെച്ചപ്പെടുത്തുന്ന വിധത്തിൽ സംസ്ഥാനത്തെ വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ പഠനബോധന പ്രവർത്തനങ്ങൾ മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ആധുനിക തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് വ്യവസായ പരിശീലന വകുപ്പ് നടപ്പിലാക്കുന്ന ഹ്രസ്വകാല കോഴ്സുകൾ മലയാള മാധ്യമത്തിൽ നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വിശദമാക്കുമോ?

**<u>ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിഭാഗങ്ങളുടെ ഏകീകരണം</u>**

*570 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിഭാഗങ്ങളുടെ ഏകീകരണം കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അധ്യാപകരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂലൈ 3, ബുധൻ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].